ഉത്തരം

(എ) കട്ടപ്പനയിൽ വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസ് സമുച്ചയവും കോർട്ടേഴ്സുകളും പണികഴിപ്പിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ മുഴുവൻ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിക്കുകയും കമ്പ്യൂട്ടറുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ലോക്കൽ ഏരിയാ നെറ്റ്വർക്കിന്റെ പണി കെൽട്രോൺ മുഖേന പൂർത്തീകരിക്കുകയും ചെയ്തു. ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസും കുമിളി വിൽപ്പന നികുതി ചെക്ക് പോസ്റ്റുമായി ബന്ധിപ്പിക്കുന്ന വീസ്ഡ് ലൈൻ പണി ബി. എസ്. എൻ. എൽ. മുഖേന പൂർത്തിയായികൊണ്ടിരിക്കുന്നു. ഇന്റലിജൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 6 മൊബൈൽ ഫോണുകൾ ഇടുക്കി ജില്ലയിലെ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) വാണിജ്യ നികുതി സമുച്ചയവും 22 കോർട്ടേഴ്സുകളും പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലയിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു. ലോക്കൽ ഏരിയ നെറ്റ്വർക്കിന്റെ വർക്കു തീർന്നു. ഡെപ്യൂട്ടി കമ്മീഷണർ ഓഫീസും കുമിളി ചെക്ക് പോസ്റ്റും ബന്ധിപ്പിക്കുന്ന വീസ്ഡ് ലൈനിന്റെ പണി പുരോഗമിച്ചുവരുന്നു.

(സി) ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ

21 [1851] *ഡോ. തോമസ് ഐസക്:*

ശ്രീ. മത്തായി ചാക്കോ:

,, എം. പ്രകാശൻ മാസ്റ്റർ:

,, ടി. വി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ ലോക്കൽ ഫണ്ട് ആക്ട്, സർക്കാർ ഉത്തരവുകൾ, ഹൈക്കോടതി വിധികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ലോക്കൽ ഫണ്ട് സ്ഥാപനങ്ങളുടെ ആഡിറ്റ് ജോലിയാണ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആക്ടിലും ബന്ധപ്പെട്ട ചട്ടങ്ങളിലും നിർദ്ദേശിക്കുന്ന തരത്തിൽ ആഡിറ്റ് സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ സംബന്ധിച്ച് വർക്ക് നടത്തുകയുണ്ടായോ; പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ടിലെ നിർദ്ദേശങ്ങളും നിഗമനങ്ങളും എന്താണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത വർക്ക്സ്റ്റഡി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വകുപ്പിന്റെ പ്രവർത്തനവും, ആഡിറ്റും കാര്യക്ഷമമാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഡി) ഇതുപ്രകാരം എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായിയെന്നും ഏത് ഉത്തരവുപ്രകാരമാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചതെന്നും വ്യക്തമാക്കുമോ;

(ഇ) ത്രിതല പഞ്ചായത്തുകളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മാത്രമുള്ള പുതിയ ലോക്കൽ ഫണ്ട് ആഡിറ്റ് ജില്ലാ ഓഫീസുകൾക്ക് നൽകണമെന്നും മറ്റ് ലോക്കൽഫണ്ട് സ്ഥാപനങ്ങളുടെ ആഡിറ്റ് ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് മേലാപ്പാ ഓഫീസുകൾ ആരംഭിക്കണമെന്നു മുള്ള ശുപാർശകൾ വർക്ക്സ്റ്റഡി റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1994-ലെ ലോക്കൽ ഫണ്ട് ആക്ട്, സർക്കാർ ഉത്തരവുകൾ, ഹൈക്കോടതി വിധികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തേണ്ട സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.†

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ സംബന്ധിച്ച് വർക്ക്സ്റ്റഡി നടത്തി റിപ്പോർട്ട് 1997-ൽ പുറപ്പെടുവിക്കുകയുണ്ടായി. റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.†

(സി) (1) തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) യിൽ പ്രത്യേക ഓഡിറ്റ് വിഭാഗം ആരംഭിച്ചു.

(2) പുതുതായി 263 തസ്തികകൾ സൃഷ്ടിക്കുവാൻ വർക്ക്സ്റ്റഡി റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. അതിൽ 132 തസ്തികകൾ സൃഷ്ടിച്ചു.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(3) വർക്ക്സ്റ്റഡി റിപ്പോർട്ടിൻമേൽ സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ട ഇതര ശുപാർശകളിൻമേൽ നടപടികൾ എടുത്തുവരുന്നു.

(ഡി) 137 തസ്തികകൾ സൃഷ്ടിച്ചു. ഉത്തരവു നമ്പർ ജി. ഒ. എം. എസ്. 1459/98/ധനിൻ തീയതി 15-5-1998.

(ഇ) മൂന്ന് മേഖലാ ഓഫീസുകൾ ആരംഭിക്കണമെന്ന ശുപാർശ വർക്ക്സ്റ്റഡി റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട്

22 [1852] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം ത്രിതല പഞ്ചായത്തുകളിലെ ഏതു വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) ഇതിൽ ഏതുവർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര തുകയുടെ സാമ്പത്തിക തിരിമറി കണ്ടെത്തിയിട്ടുണ്ട്;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എടുത്ത പ്രധാനപ്പെട്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം ത്രിതല പഞ്ചായത്തുകളിൽ ആഡിറ്റ് പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഓഡിറ്റിലെ ശ്രദ്ധേയമായ പരാമർശങ്ങൾ ഉൾപ്പെടുത്തി 2003-2004 വർഷം വരെയുള്ള സമാഹൃത റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ട്. 22,65,917 രൂപയുടെ സാമ്പത്തിക തിരിമറി കണ്ടെത്തിയിട്ടുണ്ട്.

(സി) 2001-2002 വർഷം വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെടുന്ന ഓഡിറ്റ് പെൻഡികകൾ കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിച്ചുവരികയാണ്. ഓഡിറ്റ് പെൻഡികകളിൻമേൽ ബന്ധപ്പെട്ടവരുടെ വിശദീകരണങ്ങൾ തേടുകയും സാമ്പത്തിക തിരിമറിയിൻമേലും ഇതര പരാമർശങ്ങളിൻമേലും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം -V

[21-7-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 20 (1850) സഭയിൽ കാണുക]

GOVERNMENT OF KERALA

Abstract

CTD —XI Finance Commission's grants for upgradation of standards of administration and special problems—Action Plan of the Commercial Taxes Dept.—Administrative sanction for the works under II, III and IV phases—Sanction accorded—Orders issued

TAXES (C) DEPARTMENT

G.O. (Rt.) No. 801/01/TD. *Dated, Thiruvananthapuram, 9th November, 2001.*

Read:— 1. Minutes of the meeting of the State Level Empowered Committee on XI Finance Commission held on 20-3-2001.

2. Letters No. B3-61453/2000/TX dated 5-3-2001 and 17-7-2001 from the Joint Commissioner-I, Office of the Commissioner, Commercial Taxes, Tvpm.

3. G.O. (Rt.) No. 689/01/TD dated 28-9-2001.

ORDER

As per the minutes read as first paper above, the State Level Empowered Committee on XI Finance Commission has approved the action plan of the Commercial Taxes Dept. amounting to Rs. 3.67 crores. Govt have already accorded administrative sanction for the works amounting to Rs. 17,83,101 included in the I phase of the Action Plan vide G.O. read as third paper above. The second, third and fourth phases of action plan consists of the following works:

Item of work	*Amount in Rupees*
(1)	(2)
I Construction of ST Office and Staff Quarters at Kattappana	182,00,000

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)
II (a)	Road at Sales Tax Check Post, Kuttupuzha	5,50,000
(b)	STCP—Meenakshipuram (KM 34/800 to 3500) Palakkad, Thathamangalam	13,00,000
(c)	STCP— Gopalapuram (widening of road providing parking space) in Palakkad Pollachi road KM 29/900	14,00,000
(d)	STCP—Naduppunni between 8/300 to 8/582	10,00,000
III	Construction of a building for STCP—Karukutty	14,60,000
IV	STCP-Walayar (out unit) at Vattappara (as per G.O.Rt. No. 762/99/TD dated 26-10-1999) Govt. have accorded sanction for the work	65,00,000
V	Repairs of quarters attached to STCP--Meenakshipuram	97,000
VI	Repairs of internal road at STCP—Gopalapuram	1,10,000
XI	Improvement of road near STCP, Walayar (NH) from KM 185/00 to 186/2000	42,50,000
		3,48,67,000

The Joint Commissioner-I, Office of the Commissioner for Commercial Taxes has requested to accord administrative sanction for the above works. Government have examined the matter in detail and are pleased to accord administrative sanction for the above works amounting to Rs. 3,48,67,000 in total.

By order of Governor,

A. RADHAKRISHNAN,

Additional Secretary to Government.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം -VI

[21-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 21 (1851) സദയം കാണുക]

1. മുനിസിപ്പൽ കോർപ്പറേഷനുകൾ
2. മുനിസിപ്പാലിറ്റികൾ
3. ഗ്രാമപഞ്ചായത്തുകൾ
4. ബ്ലോക്ക് പഞ്ചായത്തുകൾ
5. ജില്ലാ പഞ്ചായത്തുകൾ
6. സർവ്വകലാശാലകൾ
7. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
8. വികസന അതോറിറ്റികൾ
9. ഹിന്ദു റിലിജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ്
10. ഭരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ
11. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
12. സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണങ്ങളുടെ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട്
13. മലബാർ മാർക്കറ്റ് കമ്മിറ്റി
14. അനാഥാലയങ്ങളും പുവർ ഹോമുകളും
15. കേരള സ്പോർട്സ് കൗൺസിലും അതിന്റെ ജില്ലാ യൂണിറ്റുകളും അനുബന്ധ സ്ഥാപനങ്ങളും
16. കേരള സംസ്ഥാന ജവഹർ ബാലഭവനും ജില്ലാ ബാലഭവനുകളും
17. ഹരിജൻ ഹോസ്റ്റലുകൾ
18. വഖഫ് ബോർഡ്
19. കേരള ലളിതകലാ അക്കാഡമി
20. കേരള സംഗീത നാടക അക്കാഡമി
21. കേരള സാഹിത്യ അക്കാഡമി
22. കേരള കലാമണ്ഡലം
23. അനൗപചാരിക വിദ്യാഭ്യാസത്തിനും വികസനത്തിനും വേണ്ടിയുള്ള കേരള അസോസിയേഷൻ (കാൻഫെഡ്)

LIBRARY ARCHIVES Kerala Legislative Assembly

24. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

25. സംസ്ഥാന ലൈബ്രറി കൗൺസിൽ/ജില്ലാ താലൂക്ക്, ലൈബ്രറി യൂണിറ്റുകൾ

26. കേരള പ്രദേശ് ഭാരത് സേവക് സമാജ്

27. ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ്

28. കേരള ടി. ബി. അസോസിയേഷൻ

29. സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ്

30. തിരുക്കൊച്ചി മെഡിക്കൽ കൗൺസിൽ

31. കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ

32. കേരള ഫാർമസി കൗൺസിൽ

33. കേരള ഡന്റൽ കൗൺസിൽ

34. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

35. കെ. യു. ഡി. എഫ്. സി.

36. കെ. എച്ച്. ആർ. ഡബ്ല്യു. എസ്.

37. കേരള പോലീസ് വെൽഫയർ ആന്റ് ആമിനറ്റി ഫണ്ട്

38. കേരള പോലീസ് സ്പോർട്സ് ഫണ്ട്

39. കേരള സംസ്ഥാന മിലിറ്ററി ബെനവലന്റ് ഫണ്ട്/ഫ്ളാഗ് ഡേ ഫണ്ട്

40. സ്റ്റേറ്റ് കമ്മിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സയന്റിഫിക് റിസർച്ച് ഫണ്ടുകൾ

41. കേരള പഞ്ചായത്ത് അസോസിയേഷൻ ഫണ്ട്

42. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി

43. കേരള ഖാദി തൊഴിലാളി ക്ഷേമനിധി

44. കേരള മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി

45. കേരള കയർ തൊഴിലാളി ക്ഷേമനിധി

46. കേരള കെട്ടിട തൊഴിലാളി ക്ഷേമനിധി

47. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി

48. കള്ളു ചെത്ത് തൊഴിലാളി ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly

49. ലേബർ തൊഴിലാളി ക്ഷേമനിധി

50. കൈത്തറി തൊഴിലാളി ക്ഷേമനിധി

51. കർഷക തൊഴിലാളി ക്ഷേമനിധി

52. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി

53. കേരള കശുവണ്ടി തൊഴിലാളി ദുരിതാശ്വാസ ക്ഷേമനിധി

54. സബോർഡിനേറ്റ് കോടതികൾ

55. ഗ്രാന്റ് ഇൻ-എയ്ഡ് സ്ഥാപനങ്ങൾ

56. ഗുരുവായൂർ ദേവസ്വം

57. തിരുവിതാംകൂർ ദേവസ്വം ബോർഡ്

58. കൊച്ചിൻ ദേവസ്വം ബോർഡ്

59. ശിശുക്ഷേമ സമിതി

60. ധന്വന്തരി കേന്ദ്രങ്ങൾ

61. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ

62. ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി

63. ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി

64. കേരള സ്റ്റേറ്റ് ഫിലിം അക്കാഡമി

65. എസ്. എ. റ്റി. ഹോസ്പിറ്റൽ സൊസൈറ്റി, തിരുവനന്തപുരം

66. കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

67. സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്

68. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസസ്, മെഡിക്കൽ കോളേജ്, ആലപ്പുഴ.

GPM. 2/566/2012—66

LIBRARY ARCHIVES Kerala Legislative Assembly